**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5387** **21-07-2022 - ൽ മറുപടിയ്ക്ക്**

**വേഗാ ബോട്ട് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം-എറണാകുളം വേഗാ ബോട്ട് സർവ്വീസ് നിർത്തിയിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ; | (എ) | 24-04-2021 മുതൽ വൈക്കം-എറണാകുളം വേഗ സർവ്വീസ് നടത്തുന്നില്ല. |
| (ബി) | പ്രസ്തുത ബോട്ട് സർവ്വീസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കോവിഡ് സാഹചര്യത്തിൽ ദീർഘദൂര സർവ്വീസുകളിൽ യാത്രക്കാർ കുറവായതിനാലാണ് വൈക്കം-എറണാകുളം വേഗാ ബോട്ട് സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചത്. |
| (സി) | പ്രസ്തുത ബോട്ട് ഇപ്പോൾ എവിടെയാണ് സർവ്വീസ് നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ ബോട്ട് ഡ്രൈഡോക്ക് ചെയ്തിരിക്കുകയാണ്. |
| (ഡി) | പ്രസ്തുത ബോട്ട് സർവീസിന്റെ ഉദ്ഘാടനം നടത്തിയത് എന്നാണെന്നും ഏത് ഏജൻസിയാണ് ബോട്ട് നിർമ്മിച്ചതെന്നും വ്യക്തമാക്കാമോ; | (ഡി) | M/s നവഗതി മറൈൻ ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ചു നല്കിയ വേഗ ബോട്ടിന്റെ ഉദ്ഘാടനം 4-11-2018-ൽ നിർവഹിച്ചിട്ടുള്ളതാണ്. |
| (ഇ) | വൈക്കം-എറണാകുളം റൂട്ടിൽ വേഗാ ബോട്ട് സർവ്വീസ് പുനഃരാരംഭിക്കണമെന്നാവശ്യപ്പെട്ട് അരൂർ എം.എൽ.എ.നൽകിയ കത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഇ) | ബോട്ടിന്റെ ഡ്രൈ ഡോക്ക് സർവ്വേ പൂർത്തീകരിക്കുന്ന മുറയ്ക്ക് സർവ്വീസ് പുന:രാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ